**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3957** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഗ്ലാസ് ബ്രിഡ്ജ് പൊട്ടിയ സംഭവത്തിൽ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജിൽ പൊട്ടൽ കണ്ടെത്തിയ സംഭവത്തിൽ പോലീസിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതിയുടെ വിശദാംശം നൽകാമോ; | (എ) | പരാതി ലഭിച്ചിട്ടുണ്ട്. ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ സാഹസിക വിനോദ പദ്ധതിയുടെ ഭാഗമായി നിർമ്മാണം പൂർത്തിയായ കണ്ണാടി പാലത്തിന്റെ കണ്ണാടി പാളികളിൽ 200CMX100CM അളവിലുള്ള ഒരു കണ്ണാടി 2024 ഏപ്രിൽ മാസം 28-ന് മുൻപുള്ള ഏതോ ദിവസം ഏതോ സാമൂഹിക വിരുദ്ധർ അതിക്രമിച്ച് കയറി കേടുവരുത്തിയത് സംബന്ധിച്ചുള്ളതാണ് പരാതി. |
| (ബി) | പ്രസ്തുത പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 442/2024 U/s 447, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് അന്വേഷണ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ